കർഷക തൊഴിലാളിപെൻഷനു ചെലവായ തുക

229 [400] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ കാലത്ത് 28-2-1986 വരെ കർഷക തൊഴിലാളി പെൻഷൻ നൽകാനായി ചെലവായ സംഖ്യ എത്രയാണ് ;

(ബി) 28-2-1986 വരെ കുടിശ്ശികയിനത്തിൽ എത്ര സംഖ്യ കൊടുക്കാനുണ്ട് ;

(സി) 28-2-1986 വരെ എത്ര അപേക്ഷകൾ കിട്ടി ;

(ഡി) എത്ര അപേക്ഷകർക്കു പെൻഷൻ അനുവദിച്ചു ;

(ഇ) എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞു ;

(എഫ്) ഹരിജനങ്ങളായ കർഷക തൊഴിലാളികൾക്കു വരുമാനം നോക്കാതെതന്നെ പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 43,96,28,280.49 രൂപ (നാല്പത്തിമൂന്നു കോടി തൊണ്ണൂറ്റി ആറു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി ഇരുന്നൂറ്റി എൺപതു രൂപ നാല്പത്തി ഒൻപത് പൈസ.)

(ബി) ഏകദേശം 5.5 കോടി രൂപ.

(സി) 564,718 അപേക്ഷകൾ.

(ഡി) 286,433 പേർക്ക്.

(ഇ) 198,715 അപേക്ഷകൾ.

(എഫ്) ഇല്ല.

കർഷക തൊഴിലാളി പെൻഷൻ പദ്ധതി

230 [401] ശ്രീ. പി. സീതിഹാജി :

,, നാലകത്തുസൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകതൊഴിലാളി പെൻഷൻ എന്നുമുതലാണ് കേരളത്തിൽ നടപ്പാക്കി തുടങ്ങിയത് ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പേർക്ക് പെൻഷൽ കൊടുക്കുന്നുണ്ട് ;

(സി) പെൻഷൻ തുക എത്രയാണ് ;

(ഡി) 1985-86 സാമ്പത്തികവർഷത്തിൽ എത്ര തുക ചെലവായി ;

(ഇ) പെൻഷനു വേണ്ടി എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചത് ; അതിൽ എത്ര എണ്ണം അനുവദിച്ചു ?

ഉത്തരം

(എ) 1-4-1980 മുതൽ

(ബി) 7-3-1986 വരെ ആകെ 276,988 പേർക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിമാസം ഒരാളിന് 45 രൂപ

(ഡി) 16,30,27,107.49 രൂപ.

(ഇ) 7-3-1986 വരെ 564,859 അപേക്ഷകരം. അതിൽ 286,822 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചു.

1985-ൽ കർഷക തൊഴിലാളികൾക്ക് നൽകിയ പെൻഷൻ

231 [402] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ എത്രപേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകി ഈ ഇനത്തിൽ എത്ര തുക ചെലവായി ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 274,594 പേർക്ക് നൽകി. 1984-85-ൽ 11,31,88,868 രൂപയും 1985-86-ൽ 28-2-1986 വരെ 16,30,27,107.49 രൂപയും ചെലവായി.

(ബി) 1985-ൽ കർഷക തൊഴിലാളി പെൻഷൻ നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

1.	തിരുവനന്തപുരം	..	17,124
2.	കൊല്ലം	..	16,977
3.	ആലപ്പുഴ	..	26,807
4.	പത്തനംതിട്ട	..	10,561
5.	കോട്ടയം	..	16,660
6.	ഇടുക്കി	..	5,359
7.	എറണാകുളം	..	17,375
8.	തൃശ്ശൂർ	..	27,967
9.	പാലക്കാട്	..	35,589
10.	മലപ്പുറം	..	35,325
11.	കോഴിക്കോട്	..	31,614
12.	വയനാട്	..	5,236
13.	കണ്ണൂർ	..	22,840
14.	കാസർകോട്	..	5,162
	ആകെ		274,594

കർഷക തൊഴിലാളി പെൻഷൻ ആനുകൂല്യം ലഭിച്ചവർ

232 [403] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളിതുവരെ കർഷക തൊഴിലാളി പെൻഷൻ ആനുകൂല്യം എത്ര പേർക്കു ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വില്ലേജാഫീസുകളിലും ലേബർ ഓഫീസുകളിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലാതെ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നു എന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly